## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 471 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

### ജി എസ് ടി യും വ്യവസായ സ്ഥാപനങ്ങളും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ,അവയുടെ അനുബന്ധസ്ഥാപനങ്ങൾ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, കുടിൽവ്യവസായങ്ങൾ ,ഫർണിച്ചർ നിർമ്മാണം, കരകൗശല നിർമ്മാണം എന്നിവയിലെ ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി. ഈടാക്കിയാൽ അവയ്ക്ക് വൻകിട കമ്പനികളുടെ ഉൽപ്പന്നങ്ങളുമായി മത്സരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടുവോയെന്നും എങ്കിൽ ഈ മേഖലകളിലെ നടത്തിപ്പുകാരേയും തൊഴിലാളികളേയും സ്ഥാപനങ്ങളേയും സംരക്ഷിക്കാൻ എന്തു നടപടികൾ സ്വീകരിയ്ക്കും എന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും | ജി.എസ്.ടി സംവിധാനത്തിൽ സർക്കാർ സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ എന്ന രീതിയിൽ നികുതി നിരക്കിൽ തരം തിരിവില്ല. അഖിലേന്ത്യാ തലത്തിൽ ഒരേ നികുതി നിരക്ക് ആയതിനാൽ സംസ്ഥാനത്തിന് പ്രത്യേകമായി നികുതി നിശ്ചയിക്കാൻ സാധിക്കുകയില്ല. ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, കുടിൽ വ്യവസായങ്ങൾ, തുടങ്ങിയവയുടെ പ്രധാന ഉല്പന്നങ്ങൾക്ക് നികുതി നിരക്ക് കുറയ്ക്കണമെന്ന് സംസ്ഥാന സർക്കാർ ജി.എസ്.ടി കൗൺസിലിൽ ഉന്നയിച്ചിട്ടുണ്ട്. ജി.എസ്.ടി സംവിധാനത്തിൽ കുറഞ്ഞ നികുതി നിശ്ചയിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമില്ല. |
| (ബി) | ജി.എസ്.ടി. നടപ്പാക്കുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ, ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങിയവയുടെ ഉൽപ്പന്നങ്ങൾക്കും സാധനസാമഗ്രികൾക്കും | | |

| | | | |
|---|---|---|---|
| | വീട്ടുപകരണങ്ങൾക്കും നിർമ്മാണ ഉൽപ്പന്നങ്ങൾക്കും കുറഞ്ഞ നികുതി ചുമത്തുന്നതിനായി സംസ്ഥാനനികുതി നടപ്പാക്കുവാൻ നിയമനിർമ്മാണം നടത്തുമോ? | | |

സെക്ഷൻ ഓഫീസർ